## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 369** **26.06.2013–ലെ മറുപടിക്ക്**

## ആരോഗ്യ സർവ്വകലാശാലയിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. കെ. വി. വിജയദാസ് :<br>ശ്രീ. എസ്. ശർമ്മ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയിൽ നിന്ന് നിരവധി ബ്ലാങ്ക് സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടതിനെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; | (എ) ആരോഗ്യ സർവ്വകലാശാലയിൽ ലഭിച്ച ബ്ലാങ്ക് സർട്ടിഫിക്കറ്റുകളുടെ എണ്ണത്തിൽ കുറവ് കണ്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ സർവ്വകലാശാലയിൽ അന്വേഷണം നടത്തിയിരുന്നു. |
| (ബി) ഇവ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനായി എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കാമോ ; | (ബി) സർട്ടിഫിക്കറ്റുകൾ പ്രിന്റു ചെയ്യുന്ന കമ്പനിയുടെ ഗുണനിലവാര പരിശോധനയിൽ നിലവാരം പുലർത്താതിരുന്നതിനാൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കമ്പനി തന്നെ കണ്ടെടുത്ത് നശിപ്പിക്കുകയും അതിന്റെ രേഖകൾ സർവ്വകലാശാലയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത സർവ്വകലാശാലയിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കുന്ന സെനറ്റ്, സിൻഡിക്കേറ്റ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുമോ ; | (സി) കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നുകഴിഞ്ഞതിനാൽ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണ സംവിധാനങ്ങൾ സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കും പ്രകാരം രൂപീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ഗവേണിംഗ് കൗൺസിലിനെതിരെ നടത്തിയ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്നറിയിക്കുമോ ? | (ഡി) അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ഗവേണിംഗ് കൗൺസിലിനെതിരെയുള്ള വിജിലൻസ് അന്വേഷണം ഇതുവരെയും പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ